I ഇ.ബി. XIV - കേരള നിയമസഭ /XI-8

**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 18, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

കാലവർഷക്കെടുതി

മി. സ്പീക്കർ: സംസ്ഥാനത്ത് ഉരുൾപൊട്ടലിലും കടൽക്ഷോഭത്തിലുംപെട്ട് പതിനാലോളം പേർ മരിക്കുകയും വീടുകൾക്കും വസ്തുവകകൾക്കും കൃഷിക്കും നാശനഷ്ടം സംഭവിക്കുകയും മലയോര/കടലോര റോഡുകൾ യാത്രാ യോഗ്യമല്ലാതാകുകയും ചെയ്ത സ്ഥിതിവിശേഷവും നാശനഷ്ടങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ

ത്വരിതഗതിയിലാക്കേണ്ട ആവശ്യകതയും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പാറക്കൽ അബ്ദുല്ല, കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ഉണ്ടായ ശക്തമായ മഴയിലും കാറ്റിലും കനത്ത നാശനഷ്ടം സംഭവിച്ചിരിക്കുകയാണ്. വളരെ നേരത്തെതന്നെ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തി ആവശ്യമായ മുന്നൊരുക്കങ്ങൾ സ്വീകരിച്ചിരുന്നു. കാലവർഷക്കെടുതി നേരിടുന്നതിന് 16-05-2018-ന് ജില്ലാ കളക്ടർമാർ ഉൾപ്പെടെയുള്ളവർ മഴക്കാല തയ്യാറെടുപ്പ് യോഗം ചേരുകയും സ്വീകരിക്കേണ്ട നടപടികളടങ്ങിയ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തു. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിനെത്തുടർന്ന് ജില്ലാ കളക്ടർമാർക്കും വിവിധ മാധ്യമങ്ങൾക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്തം മുന്നിൽക്കണ്ട് സ്വീകരിക്കേണ്ട പത്ത് നിർദ്ദേശങ്ങളും മഴയുടെ തീവ്രത രേഖപ്പെടുത്തുന്ന പ്രാദേശിക പ്രവചന ഭൂപടവും നൽകുകയുണ്ടായി. ജൂൺ 11-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയുമുണ്ടായി.

കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ രക്ഷാപ്രവർത്തനം നടത്തുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ പഞ്ചായത്തിലെ കരിഞ്ചോലയിൽ ജൂൺ 14-ന് പുലർച്ചെയുണ്ടായ ഉരുൾപൊട്ടലിൽ പതിമൂന്ന് പേരുടെ മൃതദേഹം കണ്ടെത്തിയിട്ടുണ്ട്. ഒരാളുടെ മൃതദേഹം ഇതുവരെയും ലഭ്യമായിട്ടില്ല. സമീപകാലത്തെങ്ങുമില്ലാത്ത തരത്തിലുള്ള വലിയ ദുരന്തമാണ് ഇവിടെ ഉണ്ടായത്. റവന്യൂ, തൊഴിൽ, എക്സൈസ്, ഗതാഗത വകുപ്പുമന്ത്രിമാർ കോഴിക്കോട് കളക്ടറേറ്റിൽ ജില്ലാ ദുരന്തനിവാരണ സമിതിയുടെ അടിയന്തര യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. ഗതാഗത തടസ്സവും മഴയും കാരണം എൻ.ഡി.ആർ.എഫ്. എത്തിച്ചേരാൻ വൈകിയെങ്കിലും പൂർണ്ണ തോതിലുള്ള രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകാൻ സാധിച്ചു. കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ റെഡ് അലെർട്ടും ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഓറഞ്ച് അലെർട്ടും പ്രഖ്യാപിച്ചു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് ഡാമുകളുടെ ഷട്ടറുകൾ രാത്രി സമയത്ത് തുറക്കാതിരിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജൂൺ 15-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കാസർഗോഡ് കളക്ടറേറ്റിൽ വച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേരുകയും കാലവർഷക്കെടുതി സംഭവിച്ചവർക്കുള്ള അടിയന്തര ധനസഹായം

വിതരണം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നൽകിവരുന്ന ധനസഹായത്തിനുപുറമെ വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ഭേദപ്പെട്ട നഷ്ടപരിഹാരത്തുക നൽകുന്നതിനും നടപടി സ്വീകരിക്കും. ദുരിതാശ്വാസ ക്യാമ്പുകളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താനും ആദിവാസികൾക്ക് നൽകിവരുന്ന സൗജന്യ റേഷൻ വീടുകളിലെത്തിക്കാനും നടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ട സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. ഊർജ്ജിത പ്രവർത്തനം നടത്തുകയും ശുദ്ധജല വിതരണത്തിനുള്ള സംവിധാനമൊരുക്കുകയും ചെയ്തതിനുപുറമെ റോഡുകളുടെ തകർച്ച പരിഹരിക്കുന്നതിനും വയനാട് താമരശ്ശേരി ചുരം ഗതാഗതയോഗ്യമാക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയും നഷ്ടപരിഹാരത്തുക കാലോചിതമായി വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ദുരന്ത മേഖലയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി രക്ഷാ പ്രവർത്തനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സംസ്ഥാനത്ത് കോഴിക്കോട് ഉൾപ്പെടെയുള്ള

വടക്കൻ ജില്ലകളിലുണ്ടായ കാറ്റിലും മഴയിലും കടൽക്ഷോഭത്തിലും ഒട്ടേറെ ജീവനുകൾ പൊലിയുകയും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടവും സംഭവിച്ചിരിക്കുകയാണ്. നിപ വൈറസ് ബാധയെത്തുടർന്നാണ് കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ പഞ്ചായത്തിലെ കരിഞ്ചോലയിൽ ഇത്തരമൊരു ദാരുണ ദുരന്തം സംഭവിച്ചതെന്നത് സർക്കാർ ഗൗരവപൂർവ്വം കാണണം. ഏഴ് വീടുകൾ പൂർണ്ണമായും 35 വീടുകൾ ഭാഗികമായും തകർന്നു. 13 പേരുടെ മൃതദേഹം കണ്ടെടുക്കുകയും ഒരാൾക്കുവേണ്ടിയുള്ള തിരച്ചിൽ നടക്കുകയും ചെയ്യുന്ന ഭയാനകമായ സ്ഥിതിവിശേഷമാണ് അവിടെ നിലനിൽക്കുന്നത്. പ്രകൃതി ദുരന്തങ്ങൾക്ക് ഏറെ സാധ്യതയുള്ള വടക്കൻ ജില്ലകളിൽ സർക്കാർ വേണ്ടത്ര മുൻകരുതൽ എടുത്തിട്ടില്ലെന്ന് മാത്രമല്ല, പ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായി നടത്താനോ അഗ്നിശമനസേനാ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകാനോ അത്യാധുനിക ഉപകരണങ്ങൾ വിതരണം ചെയ്യാനോ സാധിച്ചിട്ടില്ലെന്നത് ദൗർഭാഗ്യകരമാണ്. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ തോത് കുറയ്ക്കുന്നതിനും മറ്റ് പ്രദേശങ്ങളിലേയ്ക്കുള്ള വ്യാപനം തടയുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കോഴിക്കോട് കേന്ദ്രമാക്കി ദേശീയ ദുരന്ത നിവാരണ സേനയുടെ യൂണിറ്റ് ആരംഭിക്കുന്നതിനും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ദുരന്ത നിവാരണകേന്ദ്രം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ദുരന്തബാധിത

പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആവശ്യമായ സഹായമെത്തിക്കുന്നതിനും അടിയന്തര മെഡിക്കൽ ക്യാമ്പ് ആരംഭിക്കുന്നതിനും സർക്കാർ സമയബന്ധിതമായി നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രദേശവാസികൾക്ക് ട്രെയിനിംഗ് നൽകുന്നതിനും ദുരന്ത സാധ്യതാ പ്രദേശങ്ങളിൽനിന്നും ആളുകളെ മാറ്റി പാർപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. താമരശ്ശേരി ചുരം റോഡിന്റെയും കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കനാലിന്റെയും മെയിന്റനൻസ് പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിനെതിരെ നിതാന്തജാഗ്രത പുലർത്തുന്നതിനും നടപടി സ്വീകരിക്കണം. ദുരിതബാധിതരെ സഹായിക്കുന്നതിന് കോഴിക്കോട് ജില്ലയ്ക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനും ദുരന്തത്തിനിരയായവരുടെ കുടുംബത്തിന് ധനസഹായം നൽകാനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ദുരന്തം മുൻകൂട്ടി അറിയാനുള്ള സംവിധാനത്തിന്റെ അപര്യാപ്തതമൂലമാണ് കൃത്യസമയത്ത് സഹായം എത്തിച്ചുകൊടുക്കാൻ സാധിക്കാതെ വന്നത്. കാലവർഷക്കെടുതി സമയത്ത് നൽകുന്ന ജാഗ്രതാ നിർദ്ദേശം ഇവിടെയും നൽകിയിരുന്നു. കേന്ദ്ര

സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് എൻ.ഡി.ആർ.എഫ്.-ന്റെ യൂണിറ്റ് ആരംഭിക്കുന്നതിന് എറണാകുളത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വ്യോമസേനയുടെ ഹെലികോപ്റ്റർ അനുവദിച്ചുകിട്ടുന്നതിനുള്ള കാലതാമസംമൂലമാണ് രക്ഷാപ്രവർത്തനങ്ങൾക്കായി ഫയർഫോഴ്സിന്റെയും പോലീസിന്റെയും ജനങ്ങളുടെയും സേവനം ഉപയോഗപ്പെടുത്തേണ്ടി വന്നത്. ദുരന്ത മേഖലയിൽ 115 ദുരിതാശ്വാസ ക്യാമ്പുകളിലായി 5520 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ഇന്നത്തെ മന്ത്രിസഭാ യോഗത്തിൽ ദുരന്ത മേഖലയിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ദുരന്തനിവാരണ പ്രവർത്തനം സംബന്ധിച്ച് യാതൊരുതരത്തിലുള്ള വീഴ്ചയും സംഭവിച്ചിട്ടില്ല. രക്ഷാപ്രവർത്തനത്തിൽ നാട്ടുകാർ വഹിച്ച പങ്ക് പ്രശംസനീയമാണ്. പ്രകൃതി ദുരന്തം മുൻകൂട്ടി കാണാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ ദുരന്തമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽനിന്ന് ആളുകൾ മാറി താമസിക്കണമെന്ന് അറിയിപ്പ് നൽകിയിരുന്നു. മലയോര പ്രദേശങ്ങളിൽനിന്ന് മുഴുവൻ ആളുകളെയും മാറ്റി പാർപ്പിക്കുക എന്നത് പ്രായോഗികമല്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും കുറ്റ്യാടി ഇറിഗേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഫലപ്രദമായ

നടപടി സ്വീകരിക്കുന്നതാണ്. ദുരന്തം നടന്ന ജില്ലകളിൽ ചീഫ് സെക്രട്ടറി തലത്തിൽ ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തബാധിത പ്രദേശത്തെ തടയണ നിർമ്മാണം അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഡെപ്യൂട്ടി കളക്ടർ, സി.ഡബ്ല്യു.ആർ.ഡി.എം. ഡയറക്ടർ, സോയിൽ കൺസർവേഷൻ ഡിസ്ട്രിക്ട് ഓഫീസർ, ജിയോളജിസ്റ്റ്, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

ശ്രീ. സി. കെ. ശശീന്ദ്രൻ: സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ കാലവർഷക്കെടുതിമൂലമുണ്ടായ ദുരന്തങ്ങളിൽ സമയബന്ധിതവും കുറ്റമറ്റതുമായ രീതിയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. ദുരന്ത സാധ്യതയുള്ള കേന്ദ്രങ്ങളെ സംബന്ധിച്ച് തുടർപഠനം നടത്തി ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും തദ്ദേശവാസികൾക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം. ദുരന്തബാധിതരുടെ സ്വകാര്യ ആശുപത്രികളിലേതടക്കമുള്ള ചികിത്സാച്ചെലവുകൾ ഏറ്റെടുക്കുന്നതിനും നഷ്ടപരിഹാരം കൃത്യമായും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനും ജില്ലാതല ദുരന്ത നിവാരണ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനും താമരശ്ശേരി ചുരത്തിലെ തകർന്ന റോഡുകൾ മിലിട്ടറി സഹായത്തോടെ പുനർനിർമ്മിക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കണം.

ശ്രീ. ജോർജ് എം. തോമസ്: കട്ടിപ്പാറ കരിഞ്ചോല ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അതിശക്തമായ ഇടപെടലാണ് സർക്കാർ നടത്തിയിട്ടുള്ളത്. വയനാട് ചുരത്തിന്റെ നവീകരണത്തിനായുള്ള നടപടികളും ദുരിതാശ്വാസ പ്രവർത്തനങ്ങളും

നടന്നുകൊണ്ടിരിക്കുകയാണ്. ഒരാഴ്ചയ്ക്കുള്ളിൽ താല്ക്കാലികമായി ഗതാഗതം പുന:സ്ഥാപിക്കാനും രണ്ടുമാസംകൊണ്ട് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ദുരന്തനിവാരണ സേന എത്തുന്നതിനുമുമ്പ് തന്നെ നാട്ടുകാർ രക്ഷാപ്രവർത്തനത്തിലേർപ്പെടുകയുണ്ടായി. പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് 5 ലക്ഷം രൂപയും ഭാഗികമായി തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിന് എഞ്ചിനീയർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുകയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: കർണ്ണാടകയിലെ നിബിഡ വനത്തിൽ ഒരേ സമയം 12 സ്ഥലത്ത് ഉരുൾപൊട്ടിയതിന്റെ ഫലമായി ഇരിട്ടി മേഖലയിൽ കൂടുതൽ നാശനഷ്ടമുണ്ടാകുകയും രണ്ടുപേർ മരണപ്പെടുകയും ചെയ്തു. 15 കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലം പൂർണ്ണമായും നശിച്ചു. വീട് നഷ്ടപ്പെട്ടവരെ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സമയബന്ധിതമായി വീട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കുടക് റോഡിന്റെ അറ്റകുറ്റപ്പണികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ കർണ്ണാടക ഗവൺമെന്റുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. സി. ജോസഫ്</u> : പേരാവൂർ, ഇരിക്കൂർ മണ്ഡലങ്ങളിലെ കൂട്ടുപുഴ-

തൊട്ടിൽപാലം-പേരട ഭാഗത്താണ് കൂടുതൽ അപകടമുണ്ടായത്. ഈ സ്ഥലങ്ങളിലെ പുഴയിൽ സംരക്ഷണ ഭിത്തി കെട്ടാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ഫലപ്രദമാക്കണം. രൂക്ഷമായ കാലവർഷം സംബന്ധിച്ച് മുന്നറിയിപ്പ് ഉണ്ടായിട്ടും ആവശ്യമായ മുൻകരുതലെടുക്കാത്തത് ദൗർഭാഗ്യകരമാണ്. കർണ്ണാടക വനത്തിലുണ്ടായ ഉരുൾപൊട്ടലിൽ മരണപ്പെട്ടവർ കേരളത്തിലുള്ളവരായതിനാൽ അവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നല്കുന്നതിനും പരിക്കേറ്റവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. മലയോര മേഖലകളിൽ വാട്ടർ തീം പാർക്ക് നിർമ്മിക്കുന്നതും മറ്റ് പ്രകൃതി ചൂഷണ പ്രവൃത്തികൾ നടത്തുന്നതും ഗൗരവമായി കാണണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): വടക്കൻ ജില്ലകളിലുണ്ടായ കാലവർഷക്കെടുതിയിൽ ദുരന്തത്തിനിരയായവരുടെ സംരക്ഷണം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരികയാണ്. വയനാട് ജില്ലയിൽ ഏത് അടിയന്തര സാഹചര്യം നേരിടുന്നതിനും ജില്ലാ കളക്ടർക്കും വിവിധ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലെ ദേശീയപാതകളിൽ നാശനഷ്ടമുണ്ടാകുകയും വയനാട് ദേശീയപാത 766-ൽ വലിയ തോതിൽ മണ്ണിടിച്ചിലുണ്ടാകുകയും വ്യാപകമായ കൃഷിനാശമുണ്ടാകുകയും ചെയ്തു. ഇവ

നേരിടുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സമയോചിതമായ ഇടപെടലും ദേശീയ ദുരന്ത നിവാരണസേനയുടെ സഹായവും ജനങ്ങളുടെ പിന്തുണയുമുണ്ടായി. കാലവർഷക്കെടുതി നേരിടുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ഉൾപ്പെടെ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മൂന്നു താലൂക്കുകളിലായി 21 ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുള്ളവർക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനും നല്ല ഭക്ഷണം, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ-സ്വകാര്യ ആശുപത്രികളിൽ ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ആദിവാസികൾക്കുള്ള സൗജന്യ റേഷൻ വീടുകളിൽ എത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കെടുതിക്കിരയായവർക്ക് അടിയന്തര ധനസഹായം നൽകുന്നതിനും ദുരിതബാധിതർക്ക് നഷ്ടപരിഹാരത്തുക യഥാസമയം വിതരണം ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. താമരശ്ശേരി ചുരം വഴിയുള്ള ഗതാഗതം നിയന്ത്രിക്കാനും ചുരം റോഡിന്റെ പുനർനിർമ്മാണം ത്വരിതഗതിയിലാക്കി ഗതാഗതം പുന:സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കും. കർണ്ണാടക സംസ്ഥാനത്തിലേയ്ക്കുള്ള പാതയിൽ കുടക് ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയ

സമ്പൂർണ്ണ ഗതാഗത നിയന്ത്രണം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫയർ ഫോഴ്സിന്റെ നേതൃത്വത്തിൽ ഒരു സിവിൽ വോളന്റിയർ സേന രൂപീകരിച്ച് തദ്ദേശവാസികൾക്ക് പരിശീലനം നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നു. വയനാട്ടിലെ നിലവിലുള്ള ബദൽ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തൊട്ടിൽപ്പാലം-പേരട ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ശ്രീ. കെ. സി. ജോസഫ് നൽകിയ കത്ത് തുടർ നടപടികൾക്കായി ബന്ധപ്പെട്ടവർക്ക് കൈമാറുന്നതാണ്.

(2) പകർച്ചപ്പനിക്കെതിരെ മുൻകരുതൽ നടപടികൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കാലാവസ്ഥാമാറ്റത്തിലൂടെ വ്യാപകമാകുന്ന പകർച്ചവ്യാധികൾ തടയുന്നതിന് കേരളത്തിന്റെ മാലിന്യ സംസ്കരണത്തിൽ മാറ്റം വരേണ്ടതുണ്ട്. സംസ്ഥാനത്തെ ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിരിക്കുകയാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാൻ പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ഗുരുതരാവസ്ഥയിലുള്ള രോഗികളെ കിടത്തി ചികിത്സിക്കാനായി ആശുപത്രികളിൽ കിടക്കകൾ, ഐസൊലേഷൻ വാർഡ് തുടങ്ങിയവ സജ്ജീകരിക്കണം. സർക്കാർ ആശുപത്രികൾക്കു പുറമെ സ്വകാര്യ ആശുപത്രികളെക്കൂടി വിശ്വാസത്തിലെടുത്ത്

മുന്നോട്ടുപോകാൻ തയ്യാറാകണം. ആഗോളതലത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ച പകർച്ചപ്പനി പടർന്നുപിടിക്കാതിരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും യോജിച്ച് പ്രവർത്തിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സംസ്ഥാനത്ത് പകർച്ചപ്പനി നേരിടുന്നതിനായി ആരോഗ്യ വകുപ്പിനെ സജ്ജമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗ തീരുമാനപ്രകാരം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പകർച്ചപ്പനി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക മൊബൈൽ ആപ് തയ്യാറാക്കുകയും ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന രൂപീകരിച്ച് ബോധവത്കരണം നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പകർച്ചപ്പനി നേരിടുന്നതിനായി ആശുപത്രികളിൽ പ്രത്യേകം പനി വാർഡ്, ഡെങ്കി കോർണർ എന്നിവ ആരംഭിക്കുകയും ജില്ല, താലൂക്ക് ആശുപത്രികളിൽ പ്ലേറ്റ്‌ലെറ്റ് സെപ്പറേഷനാവശ്യമായ സംവിധാനം ഒരുക്കുകയും നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി എല്ലാ ആരോഗ്യ സ്ഥാപനങ്ങളും പകർച്ചവ്യാധി നേരിടാൻ സുസജ്ജമായിരിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകളെ നശിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി ആരോഗ്യ വകുപ്പ് പ്രവർത്തകർ നടപടി സ്വീകരിച്ചുവരികയാണ്. ജലജന്യരോഗങ്ങൾ തടയുന്നതിന് കിണറുകളിലെ വെള്ളം പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പരിസര ശുചീകരണത്തോടൊപ്പം കൊതുകുകളുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനും പകർച്ചവ്യാധി വ്യാപനം തടയാനും കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ.

## III സബ്മിഷൻ

(1) എളങ്കുന്നപ്പുഴ മുൻ പഞ്ചായത്ത് പ്രസിഡന്റിന്റെ ആത്മഹത്യ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): എളങ്കുന്നപ്പുഴ മുൻ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. കൃഷ്ണന്റെ ആത്മഹത്യ സംബന്ധിച്ച് ഫലപ്രദമായ അന്വേഷണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ മുൻ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. കൃഷ്ണൻ കായലിൽ ചാടി ആത്മഹത്യ ചെയ്തത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(2) പ്രവാസി പുനരധിവാസം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ലോക കേരള സഭയുടെ തീരുമാനപ്രകാരമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും പ്രവാസി പുനരധിവാസ പദ്ധതികൾ

കാലോചിതമായി നടപ്പിലാക്കുന്നതിനും ക്ഷേമ പെൻഷൻ പദ്ധതി പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിലെ നിർദ്ദേശ പ്രകാരം പ്രവാസികളുടെ പുനരധിവാസ പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഡോ. ആസാദ് മൂപ്പൻ ചെയർമാനായ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട നിക്ഷേപം സമാഹരിച്ച് മടങ്ങിയെത്തുന്ന പ്രവാസികൾക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ചർച്ച പുരോഗമിക്കുകയാണ്. നോർക്ക ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്ന 'പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് ' എന്ന പദ്ധതിയിലൂടെ തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അറുപത് വയസ്സ് കഴിഞ്ഞവർക്ക് അംഗത്വം നൽകി പെൻഷൻ അനുവദിക്കുന്നതിനായി ആക്ട് ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിച്ചുവരികയാണ്.

(3) എ.ഡി.ജി.പി.-യുടെ ഡ്രൈവർക്കേറ്റ മർദ്ദനം

ശ്രീ. കെ. എസ്. ശബരീനാഥൻ: ഔദ്യോഗിക പോലീസ് ഡ്രൈവറായ ശ്രീ. ഗവാസ്കറെ എ.ഡി.ജി.പി. ശ്രീ. സുദേഷ് കുമാറിന്റെ മകൾ മർദ്ദിച്ചത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി ഒരു മാസത്തിനുള്ളിൽ തീർപ്പ്

കൽപ്പിക്കുന്നതിനും ക്യാമ്പ് ഫോളോവർ തസ്തികയിലുള്ള ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 14-06-2018-ന് സായുധ സേനാ ബറ്റാലിയൻ എ.ഡി.ജി.പി.-യുടെ മകൾ ദേഹോപദ്രവം ഏൽപ്പിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്ന ഡ്രൈവർ ശ്രീ. ഗവാസ്കറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ എ.ഡി.ജി.പി.-യുടെ മകളെ പ്രതിയാക്കിയും എ.ഡി.ജി.പി.-യുടെ മകളുടെ മൊഴി പ്രകാരവും രജിസ്റ്റർ ചെയ്ത കേസ്സുകൾ ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ അന്വേഷിച്ചുവരികയാണ്. അന്വേഷണം ഫലപ്രദമായി നടത്തുന്നതിനായി ബറ്റാലിയൻ എ.ഡി.ജി.പി.-യെ തൽസ്ഥാനത്തുനിന്ന് മാറ്റിയിട്ടുണ്ട്. പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ മറ്റ് ജീവനക്കാരെ വ്യക്തിപരമായ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മനുഷ്യാവകാശ ധ്വംസനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(4) പുതിയ ട്രേഡുകൾ അനുവദിക്കൽ

ശ്രീ. വി. ജോയി: പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വർക്കല ഐ.ടി.ഐ.-യിൽ ഇൻസ്ട്രക്ടറുടെ തസ്തികയും കൂടുതൽ കോഴ്സുകളും ബാച്ചുകളും

അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): വർക്കല ഐ.ടി.ഐ.-യിൽ അനുവദിച്ച ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ദ്വിവത്സര കോഴ്സിന് ഒരു അദ്ധ്യാപക തസ്തിക കൂടി അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സമഗ്ര പരിപാടിയുടെ ഭാഗമായി വർക്കല ഐ.ടി.ഐ.-യിലും പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (5) ധനസഹായം

ശ്രീ. എസ്. ശർമ്മ: വൈപ്പിൻ നിയോജകമണ്ഡലത്തിലെ കോഴിപ്പിള്ളി ബീച്ചിൽ കടൽച്ചുഴിയിൽപ്പെട്ട് കാണാതായ അയ്യപ്പദാസ്, ആഷിക് എന്നീ യുവാക്കളുടെ മൃതശരീരങ്ങൾ കണ്ടെത്തുന്നതിനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 16-06-2018-ന് എറണാകുളം ജില്ലയിലെ കോഴിപ്പിള്ളി വില്ലേജിൽ പള്ളത്താൻകുളങ്ങര ബീച്ചിൽ തിരയിൽപ്പെട്ട് കാണാതായ അയ്യപ്പദാസ്, ആഷിക്

എന്നീ യുവാക്കളുടെ മൃതദേഹങ്ങൾ കണ്ടെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മരണപ്പെട്ടവരുടെ ആശ്രിതർക്ക് അർഹമായ ധനസഹായം ലഭ്യമാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(6) മിച്ചഭൂമി ഏറ്റെടുക്കൽ

ശ്രീ. ജെയിംസ് മാത്യു: കുറുമാത്തൂർ വില്ലേജിലെ 31, 44, 46, 76 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 439.74 ഏക്കർ ഭൂമിയിലെ ക്രയവിക്രയങ്ങൾ തടയുന്നതിനും മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): തളിപ്പറമ്പ് താലൂക്കിൽ കുറുമാത്തൂർ വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 439.74 ഏക്കർ ഭൂമിയിലെ കയ്യേറ്റങ്ങൾ റദ്ദ് ചെയ്തും ക്രയവിക്രയങ്ങൾ തടഞ്ഞുകൊണ്ടും ബന്ധപ്പെട്ട രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയെങ്കിലും ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ കൈമാറ്റങ്ങളും പോക്കുവരവ് നടപടികളും നടന്നുവരുന്നുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുസംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(7) കുടിവെള്ള പദ്ധതികൾ

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട്-തെങ്കര, അട്ടപ്പാടി, അലനല്ലൂർ - കോട്ടോപ്പാടം - തച്ചനാട്ടുകര എന്നീ കുടിവെള്ള

പദ്ധതികൾ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): മണ്ണാർക്കാട്-തെങ്കര, അട്ടപ്പാടി, അലനല്ലൂർ - കോട്ടോപ്പാടം - തച്ചനാട്ടുകര എന്നീ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(8) വരൾച്ചാ ദുരിതാശ്വാസ ഇൻഷ്വറൻസ് തുക

ശ്രീ. കെ. വി. വിജയദാസ്: പാലക്കാട് ജില്ലയിലെ കർഷകർക്ക് സംസ്ഥാന വിഹിതം അനുവദിച്ച് വരൾച്ചാ ദുരിതാശ്വാസ ഇൻഷ്വറൻസ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതം അനുവദിച്ച് ഉത്തരവാകുകയും അടിയന്തരമായി കർഷകർക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കണമെന്ന് യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(9) മാമോഗ്രാം സൗകര്യം

ശ്രീമതി ഗീതാ ഗോപി: നാട്ടികയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മാമോഗ്രാം സൗകര്യം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനായി എ.ഇ.ആർ.ബി. മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങൾ സി.എച്ച്.സി.-കളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലും ജനറൽ ആശുപത്രിയിലും മാമോഗ്രാം സൗകര്യം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) വേതന വർദ്ധനവ്

ശ്രീ. കോവൂർ കുഞ്ഞുമോൻ: ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും വേതന വർദ്ധനവിലെ കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഈ സർക്കാർ ആശാ വർക്കർമാരുടെ ഓണറേറിയവും എൻ.എച്ച്.എം. മുഖേന നൽകുന്ന ഇൻസെന്റീവും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങളിൽ പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിൻപ്രകാരം ഇൻസെന്റീവ് വർദ്ധിപ്പിക്കുന്നതിനും വേതന വർദ്ധനവിലെ കുടിശ്ശിക അടിയന്തരമായി നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(11) റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥ

ശ്രീ. പി. കെ. ശശി: സർക്കാർ വിദ്യാലയങ്ങൾ ഭിന്നശേഷി

സൗഹൃദമാക്കുന്നതിനും റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർക്കാർ വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബ്രെയ്‌ലി ലിപിയിൽ പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് നിയമനം നൽകിയതോടൊപ്പം കൂടുതൽ അദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷിയുള്ള അഞ്ച് വിദ്യാർത്ഥികളിൽ കൂടുതലുള്ള മുഴുവൻ വിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പാക്കി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

1. 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ

റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

3. 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിനാല് മുതൽ ഇരുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

5. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

6. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമതും നാലാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI പ്രമേയം

### കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): " 2018 ജൂൺ 5-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 21.06.2018-ന് സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച പ്രസ്തുത ബില്ലിന്മേലുള്ള പരിഗണന നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് കഴിയാത്ത സാഹചര്യത്തിൽ കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 21-06-2018-ന് സഭ പരിഗണിക്കാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 25-06-2018-ലേയ്ക്ക് മാറ്റാനും പകരം 25-06-2018-ന് പരിഗണിക്കാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ,

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണന 21-06-2018-ലേയ്ക്ക് മാറ്റാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## VII ക്രമപ്രശ്നം

ചട്ടങ്ങൾ രൂപീകരിക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: 2011-ൽ സംസ്ഥാനത്ത് നിലവിൽ വന്ന കേരള പോലീസ് ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ നാളിതുവരെ രൂപീകരിച്ചിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് രൂപീകരിക്കുന്നതുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ അനിവാര്യമായതിനാൽ കേരള പോലീസ് ആക്ടിന് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നിലവിൽ വന്ന 2011-ലെ കേരള പോലീസ് ആക്ടിന് ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ ഒരു

വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നുവെങ്കിലും അതിനുശേഷം വന്ന യു.ഡി.എഫ്. ഭരണത്തിൽ സമിതിയുടെ പ്രവർത്തനം ഫലപ്രദമായിരുന്നില്ല. നിയമസഭാ സമിതിയുടെ ശിപാർശകൾ കണക്കിലെടുത്ത് പോലീസ് ആക്ടിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള കരട് ചട്ടം ഇപ്പോൾ നിയമ വകുപ്പിന്റെ പരിശോധനയിലാണ്. നിയമസഭ പാസ്സാക്കിയ വിവിധ ആക്ടുകൾക്ക് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് 28-05-2018-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് വിലയിരുത്തൽ നടത്തുകയും ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തീകരിക്കണമെന്നും ബില്ലുകൾ തയ്യാറാക്കുമ്പോൾത്തന്നെ ചട്ടങ്ങളും തയ്യാറാക്കണമെന്നും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2011 ജനുവരി 3-ന് സഭ പാസ്സാക്കുകയും ജനുവരി 29-ന് നിലവിൽ വരികയും ചെയ്ത 2011-ലെ കേരള പോലീസ് ആക്ടിന് 7 വർഷം കഴിഞ്ഞിട്ടും ചട്ടങ്ങൾക്ക് രൂപം നൽകാനായിട്ടില്ലെന്ന ഗുരുതരമായ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ ശ്രീ. എൻ. ഷംസുദ്ദീനെ ചെയർ അനുമോദിക്കുന്നു. കേരള പോലീസ് ആക്ട് പ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണങ്ങളും സഭ നിർമ്മിക്കുന്ന

നിയമങ്ങൾക്കനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിലുള്ള കാലതാമസം സംബന്ധിച്ചും സഭയിൽ ആവർത്തിച്ചുവന്ന ക്രമപ്രശ്നങ്ങളുടെയും അതിന്മേൽ ചെയറിൽ നിന്നുള്ള റൂളിംഗിന്റെയും അടിസ്ഥാനത്തിൽ ഗവൺമെന്റ് സെക്രട്ടറിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് സർക്കാർ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കുകയുണ്ടായി. പ്രസ്തുത സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കണ്ടെത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു. 2011-ലെ കേരള പോലീസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കുന്നതാണെന്ന് ബഹു. മുഖ്യമന്ത്രി ഉറപ്പ് നൽകിയ സാഹചര്യത്തിൽ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

### (1) 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ജോയി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിവിധ മേഖലകളെ ലക്ഷ്യം വച്ചുകൊണ്ട് ആവിഷ്കരിച്ച 4 മിഷനുകളുടെയും പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. പൊതുമരാമത്ത് വകുപ്പിൽ ഒരു ലക്ഷം കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്തുന്നതും ലൈഫ് പാർപ്പിട പദ്ധതിയിലൂടെ കേരളത്തിലെ 3.57 ലക്ഷം കുടുംബങ്ങളുടെ പാർപ്പിട സമുച്ചയം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതും ശ്ലാഘനീയമാണ്. യു.ഡി.എഫ്. ഭരണകാലത്ത് പാറശ്ശാലയിൽ ശ്രീജിത്ത് എന്ന യുവാവിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനും കേസ് സി.ബി.ഐ. അന്വേഷണത്തിന് വിടാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലൂടെ 40,000 കോടി രൂപയുടെ എ.എസ്. കൊടുക്കുകയും 24,350 കോടി രൂപയുടെ ഫണ്ട് നൽകുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. അഴിമതിരഹിതമായ പ്രവർത്തനങ്ങളുമായാണ്

സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിലെ ജനദ്രോഹപരമായ നടപടികൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് അടിമാലിയിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി നടക്കുന്ന ദേശീയപാത ഉപരോധം അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. പട്ടയങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കുകൂടി വിനിയോഗിക്കുന്നതിനും നിർമ്മാണ വസ്തുക്കളായ പാറ, മണൽ, മണ്ണ് എന്നിവ അതാത് പ്രദേശങ്ങളിൽ ഖനനം ചെയ്യുന്നതിനും ഷോപ് സൈറ്റുകൾക്കുകൂടി പട്ടയം കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകൾ, കുടിവെള്ള പദ്ധതികൾ എന്നിവ നിരന്തരമായി തടസ്സപ്പെടുത്തുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം. കാലവർഷക്കെടുതിമൂലം വീടുകൾ തകരുകയും കൃഷിയിടങ്ങൾ നശിക്കുകയും ചെയ്തവർക്ക് നഷ്ടപരിഹാരത്തിനുവേണ്ടി ഒരു പുനരുദ്ധാരണ പാക്കേജ് രൂപീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: വകുപ്പുകൾ ഫണ്ട് ലാപ്സാക്കിയിരിക്കുന്നതായ സി.&എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തണം. സ്വകാര്യ വ്യക്തികൾക്കുവേണ്ടി ദേശീയപാതകളുടെ അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിലും ഐ.ഒ.സി. അലൈൻമെന്റ് പ്രശ്നത്തിലും സർക്കാർ

ഇടപെടണം. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി നടപ്പിലാക്കിയ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തി നവകേരളം സൃഷ്ടിക്കുന്നതിനും പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കുന്നതിനും ദിശാബോധത്തോടുകൂടിയ പ്രവർത്തനമാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്. സാമൂഹ്യ സുരക്ഷാ പദ്ധതിയിലും കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും കൂടുതൽ തുക ചെലവഴിച്ചുകൊണ്ട് സമൂലമായ മാറ്റം വരുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. കൃഷി അനുബന്ധ മേഖലകളിലുണ്ടായ മാറ്റം കർഷക ആത്മഹത്യകൾ ഇല്ലാതാക്കി. പാൽ, മുട്ട, ഇറച്ചി തുടങ്ങിയവയുടെ ഉത്പാദനത്തിൽ കേരളം സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 4100 തസ്തികകൾ സൃഷ്ടിച്ച് ആരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുകയാണ്. പൊതുവിദ്യാലയങ്ങൾക്കുണ്ടായ മാറ്റം ശ്ലാഘനീയമാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ 1100 രൂപയായി വർദ്ധിപ്പിച്ച് കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. ലൈഫ് മിഷനിലൂടെ അഞ്ച് ലക്ഷം ആളുകൾക്ക് പാർപ്പിടം ഉറപ്പാക്കാനും 28000 വീടുകളുടെ പണി പൂർത്തിയാക്കാനും സാധിച്ചു. സമ്പൂർണ്ണ വൈദ്യുതീകരണം പ്രാവർത്തികമാക്കി. പൊതുമേഖലാ വ്യവസായങ്ങളുടെ പദ്ധതി

വിഹിതം ഉയർത്തിക്കൊണ്ട് അവയെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചു. പരമ്പരാഗത വ്യവസായ മേഖല പുനരുദ്ധരിക്കുന്നതിനും പൊതുവിതരണ മേഖലയിൽ സബ്സിഡി കൊടുത്തുകൊണ്ട് കൂടുതൽ ആളുകൾക്ക് റേഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു.

ശ്രീ. എം. ഉമ്മർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പോലീസിനെ നിയന്ത്രിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വാസ്തവ വിരുദ്ധമാണ്. സർക്കാർ പരസ്യത്തിനും പോലീസിനും വേണ്ടി കൂടുതൽ തുക ചെലവഴിക്കപ്പെടുന്നത് പരിശോധിക്കേണ്ടതാണ്.

ശ്രീ. എം. സ്വരാജ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ആധുനിക കേരളത്തിന് ശക്തമായ അടിത്തറ പാകുന്നതിനും അഭിമാനകരമായ നേട്ടങ്ങളിലേയ്ക്ക് സംസ്ഥാനത്തെ നയിക്കുന്നതിനും സാധിച്ച രണ്ട് വർഷങ്ങളാണ് കടന്നുപോയത്. ഇതര സംസ്ഥാനങ്ങൾ വിവിധ രംഗങ്ങളിൽ കേരളത്തെ മാതൃകയാക്കുന്നു എന്നത് അഭിമാനകരമായ നേട്ടമാണ്. ജനവിരുദ്ധ കോർപ്പറേറ്റ് നയങ്ങളും വർഗ്ഗീയതയോടുള്ള മൃദുസമീപനവും കാരണം കോൺഗ്രസ് പാർട്ടി ജനഹൃദയങ്ങളിൽനിന്ന് കുടിയിറക്കപ്പെട്ടിരിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി രണ്ട് വർഷം മുമ്പ് ഇറക്കിയ ധവളപത്രം യു.ഡി.എഫ്. ഗവൺമെന്റിനെതിരെയുള്ള കുറ്റപത്രമാണ്. നിലവിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഭരണഘടനാപരമായ അനിവാര്യത നിലനിൽക്കുന്നതിനാലാണ് ധനവിനിയോഗ ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. സഭ പാസ്സാക്കിയ തുകയും സപ്ലിമെന്ററി ഗ്രാന്റും എത്രമാത്രം ചെലവഴിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഗവൺമെന്റിനെ വിലയിരുത്തുന്നത്. ധനവിനിയോഗത്തിന്റെ കാര്യത്തിൽ ധനകാര്യ വകുപ്പും ഗവൺമെന്റും പൂർണ്ണ പരാജയമാണ്. വാഹനങ്ങൾ വാങ്ങുന്നതിന് സപ്ലിമെന്ററി ഗ്രാന്റ് ആവശ്യപ്പെട്ടതിലൂടെ ചെലവ് ചുരുക്കലിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നത് ഒഴിവാക്കുമെന്ന പ്രഖ്യാപനം പാഴായിരിക്കുകയാണ്. എ.കെ.ജി. സെന്ററിനും ദാസ് ക്യാപിറ്റലിന്റെ 150-ാം വാർഷികം ആഘോഷിക്കുന്നതിനും സപ്ലിമെന്ററി ഗ്രാന്റിൽ തുക വകയിരുത്തിയിരിക്കുകയാണ്. 2015-16 വർഷത്തെ അപേക്ഷിച്ച് റവന്യൂ ഡെഫിസിറ്റും ഫിസ്കൽ ഡെഫിസിറ്റും വർദ്ധിച്ചിരിക്കുകയാണ്. കിഫ്ബിയിൽ 857 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ലെന്നാണ് സി&എ.ജി റിപ്പോർട്ടിൽ പറയുന്നത്. ഈ സാഹചര്യത്തിൽ ധനവിനിയോഗ ബില്ലിന് അംഗീകാരം നൽകുന്നതിൽ യാതൊരു അർത്ഥവുമില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ധനവിനിയോഗ ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളേയും വിമർശനങ്ങളേയും സ്വാഗതം ചെയ്യുന്നു. ഉപധനാഭ്യർത്ഥനകളുടെ പകുതി തുക നാളിതുവരെ ചെലവഴിച്ചത് റാറ്റിഫൈ ചെയ്യുന്നതിനും ബാക്കി തുക സുപ്രധാനമായ വികസനപ്രവർത്തനങ്ങൾക്കുമായാണ് വകയിരുത്തിയിരിക്കുന്നത്. 2016-17 സാമ്പത്തികവർഷത്തെ വേയ്സ് ആന്റ് മീൻസ് ക്ലിയറൻസിനുവേണ്ടി എടുക്കുന്ന വായ്പാ തിരിച്ചടവിനായി വകയിരുത്തിയ 5000 കോടി രൂപയും തൊഴിലുറപ്പ് പദ്ധതിക്കുള്ള 2000 കോടി രൂപയും പ്ലാൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി പി.ഡബ്ല്യൂ.ഡി. വർക്കുകൾ നടപ്പിലാക്കിയത് സംബന്ധിച്ച് പുറത്തുവന്നിട്ടുള്ള സി. ആന്റ് എ.ജി.-യുടെ നിരീക്ഷണങ്ങൾ ഗൗരവമായി പരിഗണിക്കുന്നതും പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. അശാസ്ത്രീയമായ ജി.എസ്.ടി. നടപ്പാക്കൽ വൻതോതിലുള്ള വരുമാന ചോർച്ചയ്ക്കിടയാക്കിയതിനാൽ റവന്യൂ കമ്മി വർദ്ധിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി രൂപീകരിച്ച കിഫ്ബിയിലൂടെ അംഗീകാരം നൽകിയ ഏകദേശം 24,000 കോടി രൂപയുടെ പദ്ധതികളിൽ 7500 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും 3500 കോടി രൂപയുടെ പ്രവൃത്തികൾ അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗൾഫ്

മലയാളികളെ ലക്ഷ്യം വച്ച് പ്രവാസി ചിട്ടി ആരംഭിക്കാനും അത് കൂടുതൽ ആകർഷകമാക്കുംവിധം പെൻഷൻ/ഇൻഷ്വറൻസ്/ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ ഇൻസെന്റീവുകൾ നൽകാനും ഈ രീതിയിലൂടെ സമാഹരിക്കുന്ന പണമുപയോഗിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി ചിട്ടിയുടെ സീരിസ് ഇറക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നോർക്കയുടെ വികസന പ്രവർത്തനങ്ങളും പ്രവാസി ക്ഷേമനിധിയും കിഫ്ബിയുമായി ബന്ധിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. എം.എൽ.എ./ആസ്തി വികസന ഫണ്ടുകളുടെ വിനിയോഗം ലളിതവത്കരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സ്പീക്കറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉത്തരവ് ഇറക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അറിയിപ്പ്**

നിയമസഭാ ചട്ടങ്ങൾ താത്കാലികമായി വേവ് ചെയ്യുന്നത് സംബന്ധിച്ച്

**നിയമനിർമ്മാണകാര്യം (തുടർച്ച)**

2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 34-നെതിരെ 69 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 (എ), (ബി) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പുമാണ് നിയമങ്ങൾ ലംഘിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും വീടുകളും മറ്റ് സ്ഥാപനങ്ങളും ക്രമവൽക്കരിക്കുന്നതിനുവേണ്ടി ഭേദഗതി ചെയ്തിരിക്കുന്നത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അഗ്നിശമന സേനാ നിയമങ്ങൾ, കോസ്റ്റൽ

റെഗുലേഷൻ സോൺ നിയമങ്ങൾ, പൊല്യൂഷൻ കൺട്രോൾ ബോർഡ് നിയമങ്ങൾ, പരിസ്ഥിതി നിയമങ്ങൾ എന്നിവയുടെ ലംഘനങ്ങൾ ഈ ചട്ടങ്ങളുടെ പരിധിയിൽ ക്രമവൽക്കരിക്കാൻ കഴിയില്ല. അനധികൃത കെട്ടിട നിർമ്മാണത്തിന്റെ പേരിൽ ലഭ്യമായിട്ടുള്ള 1566 അപേക്ഷകളിന്മേൽ ഉടൻ തീർപ്പുകൽപ്പിക്കേണ്ടതായിട്ടുണ്ട്. ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധീകരിച്ചിട്ടുള്ള ഓരോ ലംഘനങ്ങൾക്കുമുള്ള പിഴ പ്രയോഗവൽക്കരിക്കുന്നതിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അതീവ ജാഗ്രത പുലർത്തേണ്ടതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ 15 മാസത്തിനകം സ്വത്ത് വിവരം സമർപ്പിച്ചില്ലെങ്കിൽ അംഗത്വം നഷ്ടമാകുകയും ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടി വരുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കാലാവധി 30 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കാലാകാലങ്ങളിലായി അനധികൃത കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യാൻ തീരുമാനമെടുക്കുകയും ധാരാളം നിയമങ്ങൾ നിലവിൽ വരികയും ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ വിജയപഥത്തിലെത്തിക്കാൻ സാധിച്ചിട്ടില്ല. സാമ്പത്തിക ലാഭത്തിനായി നടത്തിയിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിന് മുൻ സർക്കാർ നിശ്ചയിച്ചിരുന്ന കനത്ത കോമ്പൗണ്ടിംഗ് ഫീസിൽ വൻ ഇളവുവരുത്തിക്കൊണ്ട് 2017 ജൂലൈ 31 വരെ നീട്ടിക്കൊടുക്കുകയാണ് ഈ

സർക്കാർ ചെയ്തിരിക്കുന്നത്. ക്രമവിരുദ്ധമായി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പിഴ ഈടാക്കി ക്രമവൽക്കരിക്കുന്ന നടപടി ഭരണഘടനാവിരുദ്ധമാണ്. അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകാനുള്ള അധികാരം സർക്കാരിൽ നിന്ന് ഉദ്യോഗസ്ഥർക്ക് കൈമാറുന്നത് അഴിമതിക്ക് വഴിയൊരുക്കുമെന്നതിനാൽ അത് പുനഃപരിശോധിക്കുകയോ അത്തരം സംവിധാനങ്ങളിൽ പഞ്ചായത്ത്-കോർപ്പറേഷൻ-മുനിസിപ്പാലിറ്റി ജനപ്രതിനിധികളെ ഉൾപ്പെടുത്തുകയോ ചെയ്യണം. പിഴയിനത്തിൽ ലഭിക്കുന്ന തുക പുനരധിവാസ പദ്ധതികൾക്കും പൊതു പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കണം. അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനായി രൂപീകരിച്ച തദ്ദേശസ്വയംഭരണ വിജിലൻസ് വിംഗിലെ ഒഴിഞ്ഞ് കിടക്കുന്ന സി.ടി.പി. തസ്തികയിൽ നിയമനം നടത്തണം. തെറ്റായ വിവരങ്ങൾ നൽകി പ്ലാൻ സാക്ഷ്യപ്പെടുത്തുന്ന ലൈസൻസി, സ്ട്രക്ച്ചറൽ എഞ്ചിനീയർ എന്നിവരെ കരിമ്പട്ടികയിൽപ്പെടുത്തുകയും ചട്ടലംഘനത്തിന്റെ വ്യാപ്തി അനുസരിച്ച് ലൈസൻസിയുടെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുന്നതിനോ റദ്ദ് ചെയ്യുന്നതിനോ നടപടി സ്വീകരിക്കുകയും വേണം. ആശുപത്രി കെട്ടിടങ്ങളുടേയും വൻകിട കെട്ടിടങ്ങളുടേയും ഗ്രൗണ്ട് കവറേജ് നിശ്ചിത ശതമാനത്തിൽ നിന്ന് ഉയർത്തിയ നടപടി പുനഃപരിശോധിക്കേണ്ടതാണ്. അപകടസാധ്യതയുള്ള

കെട്ടിടങ്ങളുടെ കാര്യത്തിൽ അപേക്ഷകന് നേരിട്ട് ജില്ലാ നഗരാസൂത്രണ വകുപ്പിൽ അപേക്ഷ നൽകാമെന്ന് ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടെങ്കിലും ഇതോടൊപ്പം സമർപ്പിക്കേണ്ട ഫീസ്, മറ്റ് രേഖകൾ എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. കെ.എം.ബി.ആർ. ചട്ടം, ഫയർ എൻ.ഒ.സി. എന്നിവ സംബന്ധിച്ച അവ്യക്തതകൾ പരിഹരിക്കണം. നഗരസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലർമാർ തങ്ങളുടെ സ്വത്ത് വിവരം 30 മാസത്തിനകം സമർപ്പിക്കണമെന്ന നിർദ്ദിഷ്ട ഭേദഗതി പുനഃപരിശോധിക്കണം.

ശ്രീ. അനിൽ അക്കര: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ലോകത്തിന് തന്നെ മാതൃകയായ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ അന്ത:സത്തയ്ക്ക് കോട്ടം തട്ടുന്ന നടപടികളാണ് മാറിമാറി വരുന്ന സർക്കാരുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നത് അഴിമതിക്ക് ഇടയാക്കും. ഇടുക്കി ജില്ലയിൽ ക്രമവത്ക്കരിക്കപ്പെടാൻ പോകുന്ന 38 കെട്ടിടങ്ങളുടെ പേര് വെളിപ്പെടുത്തണം. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സ്വത്ത് വിവരം വെളിപ്പെടുത്തുന്നതിനുള്ള സമയപരിധി 30 മാസമായി ദീർഘിപ്പിക്കുന്ന നടപടി ശരിയല്ല.

ശ്രീ. കെ. എസ്. ശബരീനാഥൻ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നതിലൂടെ ബദൽ വികസന മോഡൽ എന്ന

ആശയത്തിൽ നിന്നും കേരളം പിന്നോട്ടുപോകുകയാണ്. ത്രിതല പഞ്ചായത്ത് സംവിധാനത്തെ നിരാകരിച്ച് ഉദ്യോഗസ്ഥ തലത്തിന് കൂടുതൽ അധികാരം നൽകി ജനപ്രതിനിധികളുടെ സ്വാധീനം കുറയ്ക്കത്തക്ക രീതിയിലാണ് ബില്ലിൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സ്വത്തുവിവരം വെളിപ്പെടുത്തുന്നതിനുള്ള സമയപരിധി 30 മാസമാക്കുന്ന ഭേദഗതി അംഗീകരിക്കാനാകില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ഭേദഗതി നിർദ്ദേശത്തിലൂടെ നിശ്ചിത ഫീസ് ഈടാക്കി അനധികൃത കെട്ടിടനിർമ്മാണങ്ങളെ ക്രമവത്ക്കരിക്കുന്ന നടപടി അഴിമതിക്ക് ഇടയാക്കും. അതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സമിതിയിൽ ഒരു ജനപ്രതിനിധിയെ എങ്കിലും അംഗമാക്കണം. അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി മെറിറ്റിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കണം. പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, മതധർമ്മ സ്ഥാപനങ്ങൾ എന്നിവയെ പിഴ ഈടാക്കുന്നതിൽനിന്നും ഒഴിവാക്കണം. പഞ്ചായത്തീരാജ് നഗരപാലികാ സംവിധാനം സർക്കാർ അട്ടിമറിക്കുകയാണ്. എഞ്ചിനീയർമാരുടെ കുറവും മതിയായ ജീവനക്കാരെ നിയമിക്കാത്തതും കാരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്.

തദ്ദേശസ്വയംഭരണ വകുപ്പുകൾ ഏകീകരിക്കുമ്പോൾ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിനും പഞ്ചായത്തുകൾക്ക് നൽകിവരുന്ന ഗ്രാന്റുകളുടെ കാര്യത്തിൽ വ്യക്തത വരുത്തുന്നതിനും സർക്കാർ തയ്യാറാകണം. ഭവന നിർമ്മാണ പദ്ധതികളിലെ പാളിച്ചകൾ തിരുത്തണം. മലപ്പുറം നഗരസഭയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക സൃഷ്ടിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷനും ക്ഷേമനിധിയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് സ്വത്തുവിവരങ്ങൾ വെളിപ്പെടുത്തുന്നതിന് വീണ്ടും സമയം ദീർഘിപ്പിച്ചു നൽകുന്ന ഭേദഗതി അംഗീകരിക്കാൻ കഴിയില്ല.

ശ്രീമതി വീണാ ജോർജ്ജിനു വേണ്ടി <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിക്കുന്നത് അഴിമതി ഒഴിവാക്കുന്നതിന് സഹായകരമാകും. നികുതി നിർണ്ണയ സമിതിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന ആവശ്യത്തോട് യോജിക്കാൻ കഴിയില്ല. തീരദേശ

പരിപാലന നിയമം ലംഘിച്ച കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യാൻ വ്യവസ്ഥയില്ല. 600 സ്ക്വയർഫീറ്റ് വരെയുള്ള കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പിഴ ഒഴിവാക്കിയ നടപടി ഉചിതമാണ്.

ശ്രീ. സി. കെ. നാണു: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ ഭാവിയിൽ ഇതാവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കണം. ഗ്രാമസഭകൾ ജനങ്ങൾക്ക് പ്രയോജനകരമായ നിലയിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കണം.

ശ്രീമതി യു. പ്രതിഭ ഹരി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വാർഷിക പദ്ധതികൾ മാർച്ച് 31-ന് മുമ്പ് അംഗീകരിക്കാൻ കഴിഞ്ഞത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേട്ടമാണ്. ലൈഫ് പദ്ധതിയിലൂടെ 44000-ത്തിലധികം വീടുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചത് സ്വാഗതാർഹമാണ്. ഈ ഭേദഗതിയിലൂടെ ജനപ്രതിനിധികളുടെ സ്വാധീനം കുറയുമെന്ന ആശങ്ക തികച്ചും

അടിസ്ഥാനരഹിതമാണ്. നിയമം ലംഘിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണം അനുവദനീയമല്ല. ഇന്നവേറ്റീവ് പദ്ധതികൾക്ക് മാർഗ്ഗരേഖയിൽ പ്രത്യേകം നോംസ് നൽകിയിരിക്കുന്നത് സ്വാഗതാർഹമാണ്. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം പഞ്ചായത്തുകൾക്ക് എന്റർടൈൻമെന്റ് ടാക്സ് കിട്ടാതിരുന്ന സാഹചര്യത്തിലാണ് സംരംഭകത്വം കൂടി ഉൾപ്പെടുത്തി പട്ടിക 3-ന്റെ വ്യാപ്തി വർദ്ധിപ്പിച്ച് പ്രശ്നം പരിഹരിച്ചത്. 'സഞ്ജയ' എന്ന സോഫ്റ്റ്‌വെയറിലൂടെ 300-ലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 100 ശതമാനം നികുതി പിരിച്ച ഖ്യാതി നേടിയ ഒരു സംസ്ഥാനമായി കേരളം മാറിയത് അഭിനന്ദനീയമാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തുക ചെലവാക്കുന്നതിൽ സർക്കാർ കൃത്യതയോടും ജാഗ്രതയോടുംകൂടിയാണ് മുന്നോട്ടുപോയിട്ടുള്ളത്. ലൈഫ് പദ്ധതിയിലൂടെ ആയിരക്കണക്കിന് വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റാൻ നടപടി സ്വീകരിച്ചാൽ ഒട്ടനവധി

പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചത് ശ്ലാഘനീയമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി ശ്രീ. കെ. സി. ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലുകൾ അനധികൃത കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ഇത്തരത്തിൽ നിയമലംഘനം നടത്തുന്നതിന് കൂട്ടുനിൽക്കുന്ന ഒരു ബോഡിയായി സഭ മാറുന്നത് ഗുണകരമല്ല. മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയും നിയമവിരുദ്ധമാണ്. പഞ്ചായത്ത് മെമ്പർമാരുടെ അസറ്റ് ഡിക്ലറേഷന് സമയം നീട്ടിക്കൊടുത്ത നടപടി ശരിയല്ല.

ശ്രീമതി പി. അയിഷാ പോറ്റി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമം ലംഘിച്ചുകൊണ്ടുള്ള കെട്ടിട നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്ന പ്രവണത ഒഴിവാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സ്വത്തുവിവരം കൃത്യമായി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. വർഷങ്ങളായി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണവും പുതിയ വീടുകളുടെ

നിർമ്മാണ പ്രവർത്തനങ്ങളും ലൈഫ് പദ്ധതിയിലൂടെ നടന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് സ്വത്ത് വിവരം സമർപ്പിക്കുന്നതിനുള്ള കാലാവധി 30 മാസമാക്കി വർദ്ധിപ്പിക്കുന്നതിനാണ് ബന്ധപ്പെട്ട ആക്ടുകളിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെങ്കിലും ഒരു പ്രാവശ്യം കൂടി മാത്രമേ അതിനുള്ള അവസരം നൽകാവൂ. അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് കർശന നിലപാട് സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ പ്രതികൂല സാഹചര്യങ്ങളിലും പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചു. മികച്ച ആസൂത്രണത്തിലൂടെയും ചിട്ടയോടുകൂടിയ പ്രവർത്തനത്തിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ കൃത്യമായി നടപ്പിലാക്കാനും നികുതി പിരിവ് കാര്യക്ഷമമാക്കാനും റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും സാധിച്ചു. വിവിധ വകുപ്പുകൾ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതു സർവ്വീസ് രൂപീകരിച്ച നടപടി സ്വാഗതാർഹമാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനാണ് കേരള

പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി ആക്ടുകളിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുമെന്നതിനാലും ഉപയോഗക്ഷമമായ കെട്ടിടങ്ങളെ പൂർണ്ണമായും നീക്കം ചെയ്യാൻ സാധിക്കാത്തതിനാലുമാണ് നിശ്ചിത ഫീസ് ഈടാക്കി ക്രമവത്കരിച്ച് നൽകാൻ സർക്കാർ തീരുമാനിച്ചത്. കെട്ടിട നിയമങ്ങളിൽ കാലോചിതമായ ഭേദഗതി വരുത്തുകയും അനധികൃത നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച എഞ്ചിനീയർമാരെ ബ്ലാക്ക്ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിയമം കൊണ്ടുവരികയും ചെയ്താൽ മാത്രമേ അനധികൃത കെട്ടിട നിർമ്മാണം തടയാൻ സാധിക്കുകയുള്ളൂ. ക്രമവത്കരിക്കുന്നതിനായി സർക്കാരിന് ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫീസിൽ കൂടുതൽ തുക ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ സ്വത്ത് വിവരം രേഖാമൂലം സമർപ്പിക്കുന്നതിന്റെ കാലാവധി 30 മാസമാക്കി വർദ്ധിപ്പിക്കുന്നതിനാണ് മറ്റൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ജനപ്രതിനിധികൾ സ്വത്ത് വിവരം സമർപ്പിക്കാതെ അയോഗ്യരാക്കപ്പെടുന്നതിനാൽ ഉപതെരഞ്ഞെടുപ്പ് നടത്തുന്നതിലൂടെ സർക്കാരിന് നഷ്ടം സംഭവിക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇൻഡ്യയ്ക്ക്

മാതൃകയാണെന്നാണ് 15-ാം ധനകാര്യ കമ്മീഷൻ വിലയിരുത്തിയത്. കൊല്ലം കോർപ്പറേഷൻ 100% ഫണ്ട് ചെലവഴിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ എക്സ്പെന്റിച്ചർ 90 ശതമാനത്തിനും ടാക്സ് കളക്ഷൻ 70 ശതമാനത്തിനും മുകളിൽ എത്തിക്കാൻ കഴിഞ്ഞ സാമ്പത്തിക വർഷം സാധിച്ചിട്ടുണ്ട്. ഈ വർഷം എക്സ്പെന്റിച്ചറും ടാക്സ് കളക്ഷനും നൂറ് ശതമാനത്തിൽ എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മുനിസിപ്പൽ കോർപ്പറേഷൻ വകുപ്പിൽ 856-ഉം പഞ്ചായത്ത് വകുപ്പിൽ 4544-ഉം ഗ്രാമവികസന വകുപ്പിൽ 943-ഉം എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ 587-ഉം ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ 80-ഉം നിയമനങ്ങൾ പി.എസ്.സി. വഴി നടത്താൻ സാധിച്ചു. ലൈഫ് മിഷൻ വഴി നാൽപ്പതിനായിരം വീടുകളുടെ പണി പൂർത്തീകരിച്ചതിനു പുറമേ പതിനായിരത്തിലധികം കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി ഒന്നാം ഗഡു നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഗ്രാമീണ മേഖലയിൽ 17200 പുതിയ വീടുകൾ നിർമ്മിക്കുന്നതിനായി നാലായിരം കോടി രൂപയുടെ വായ്പ ഹഡ്കോ-യിൽനിന്നും കെ.യു.ആർ.ഡി.എഫ്.സി. ലഭ്യമാക്കിയിട്ടുണ്ട്. അർഹരായ എല്ലാ അപേക്ഷകർക്കും ഭവനനിർമ്മാണത്തിനായി ഈ വർഷം തുക അനുവദിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

194. ഖണ്ഡം 2(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി)" "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും പകരം, “ കെട്ടിട നിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ പുനർനിർമ്മാണമോ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്; "

137, 140, 141, 143, 144, 145, 147, 148, 149, 150, 152, 155, 156, 159, 160, 162, 163, 164, 165, 167, 168, 170, 171, 173, 176, 177, 178, 179, 180, 181, 184, 186, 188, 189, 190, 191, 192 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

148. ഖണ്ഡം 2(1)(ബി)- ൽ "കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾക്ക് പകരം "കെട്ടിടനിർമ്മാണമോ" എന്ന വാക്ക് ചേർക്കുക

160. ഖണ്ഡം 2(1)(സി)-ൽ "ജില്ലാ ടൗൺ പ്ലാനർ, റീജിയണൽ ജോയിന്റ് ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ, നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

192. പ്രധാന ആക്ടിലെ വകുപ്പ് 407(2)-ന്ന ശേഷമുള്ള വിശദീകരണത്തിൽ "വിരുദ്ധമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ" എന്നതിന് പകരം "വിരുദ്ധമായി നിർമ്മിച്ചതോ, കൂട്ടിച്ചേർത്തതോ, പുനർനിർമ്മിച്ചതോ" എന്നാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

176-ാം നമ്പർ ഭേദഗതി 31-നെതിരെ 64 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

193-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

111, 112, 113, 115, 116, 118, 119, 120, 121, 123, 125, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പ്രമേയത്തെ

പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനുവേണ്ടി സഭയുടെ പരിഗണനയിൽ കൊണ്ടുവന്ന ഈ മൂന്ന് നിയമങ്ങളും മൂലനിയമത്തിന്റെ ഉദ്ദേശത്തിനെതിരാണ്. ഇത്തരം നിയമങ്ങൾ റെഗുലറൈസ് ചെയ്യാനുള്ള നടപടി സമൂഹത്തോട് ചെയ്യുന്ന വലിയൊരപരാധമാണ്. ഇത് ന്യായീകരിക്കാൻ കഴിയുന്നതല്ല. ആർക്കും അനധികൃത നിർമ്മാണങ്ങൾ നടത്താമെന്ന ഇത്തരം ക്രമവിരുദ്ധമായ നിയമങ്ങൾ പാസ്സാക്കുന്ന നടപടി പ്രോത്സാഹിപ്പിക്കരുത്.

2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 32-നെതിരെ 66 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) <u>2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ</u>

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

183. ഖണ്ഡം 2-ൽ

(i) ഉപഖണ്ഡം 1(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ബി) " കെട്ടിട നിർമ്മാണമോ" എന്ന വാക്കുകൾ വരുന്ന രണ്ട്

സ്ഥലങ്ങളിലും " കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്,"

(ii) 2-ാം ഉപഖണ്ഡത്തിൽ, " എന്ന വാക്കുകൾ" എന്നതിനുപകരം " എന്ന വാക്കുകളും", " പുനർനിർമ്മിച്ചതോ"എന്ന വാക്കിനുശേഷം "കൂട്ടിച്ചേർത്തതോ" എന്ന വാക്കും ചേർക്കേണ്ടതാണ്." എന്ന് ചേർക്കുക.

128, 134, 135, 136, 137, 138, 141, 143, 144, 145, 146, 148, 149, 150, 151, 152, 153, 154, 156, 157, 158, 159, 160, 161, 162, 163, 164, 165, 166, 167, 168, 171, 172, 173, 174, 175, 176, 177, 178, 179, 181 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

154. ഖണ്ഡം 2(1)(സി)-ൽ "ജില്ലാ ടൗൺപ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട ജില്ലാ ടൗൺപ്ലാനർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി എന്നിവർ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

182-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

111, 113, 114, 115, 116, 117, 119, 121, 122, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 32-നെതിരെ 66 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

2-ാം വകുപ്പ്

137, 138, 140, 141, 142, 145, 146, 147, 149, 150, 154, 155 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

156, 157, 158 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

111, 112, 113, 116, 117, 119, 120, 122, 123, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.